**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1357** **18-01-2021 - ൽ മറുപടിയ്ക്ക്**

**വഴിയോരസൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ഭൂമി നൽകിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ. അനിൽ അക്കര ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. അനൂപ് ജേക്കബ് | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | 2020 ജൂലൈ 23ന് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പതിനഞ്ച് സ്ഥലങ്ങൾ വഴിയോരസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിന് നൽകുന്നതിന് ടെൻഡർ വിളിക്കാൻ പി.ഡബ്ല്യൂ.ഡി. അധികാരികളെ ചുമതലപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഉത്തരവ് ഇറക്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു |
| (ബി) | പ്രസ്തുത ഉത്തരവ് ഇറക്കുന്നതിനു മുൻപ് റവന്യൂ വകുപ്പിന്റെ അനുമതി നേടിയിട്ടുണ്ടോ; | (ബി) | ഭൂമി ഏത് വകുപ്പിന്റെ കൈവശത്തിലായിരുന്നാലും ഭൂമി സംബന്ധിച്ച് ഏതൊരുത്തരവും പുറപ്പെടുവിക്കുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിനാണെന്നും അങ്ങനെ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് മാത്രമെ നിയമസാധുത ഉണ്ടായിരിക്കുകയുള്ളൂ എന്നും ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെന്ന വസ്തുത പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. |
| (സി) | പ്രസ്തുത ഉത്തരവിനെതിരെ റവന്യൂ മന്ത്രി എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം അറിയിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ? | (സി) | ഭൂമി ഏത് വകുപ്പിന്റെ കൈവശത്തിലായിരുന്നാലും ഭൂമി സംബന്ധിച്ച് ഏതൊരുത്തരവും പുറപ്പെടുവിക്കുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിനാണെന്നും അങ്ങനെ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് മാത്രമെ നിയമസാധുത ഉണ്ടായിരിക്കുകയുള്ളൂ എന്നും ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെന്ന വസ്തുത പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ